# പത്രഭാഷയിലെ ആംഗലാധിപത്യം

എം. എൻ. കാരശ്ശേരി



**പത്രഭാഷയിലെ ആംഗലാധിപത്യം**

**എം. എൻ. കാരശ്ശേരി**

(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Girl with Doves, a painting by Jean-Baptiste Greuze (1725–1805). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പത്രഭാഷയിലെ ആംഗലാധിപത്യം

ഇക്കാലത്തെ പത്രഭാഷയുടെ പ്രധാനപ്പെട്ട ന്യൂനത എന്താണ് എന്ന് എന്നോടു ചോദിച്ചാൽ ഞാൻ പറയും: ഇംഗ്ലീഷിന്റെ വാഴ്ച.

അര നൂറ്റാണ്ടുമുമ്പുവരെ മലയാളത്തിന്റെ ഭാരം സംസ്കൃതത്തിന്റെ മേൽക്കൈ ആയിരുന്നു. അന്ന് ഞങ്ങളെപ്പോലുള്ളവർ എന്ന് എഴുതില്ല, 'അസ്മാദൃശന്മാർ' എന്നേ എഴുതൂ. വൈകാതെ എന്ന് എഴുതില്ല, 'വിനാവിളംബം' എന്നേ എഴുതൂ. ഇത്തരം പ്രയോഗങ്ങളെല്ലാം പഴഞ്ചൻ എന്ന് വിലയിരുത്തപ്പെട്ടുന്ന ഇന്ന് നമ്മൾ ഒരു കാര്യവുമില്ലാതെ ഇംഗ്ലീഷ് ഉപയോഗിക്കുന്നു. ഇംഗ്ലീഷുകാരുടെ വാഴ്ച രാഷ്ട്രീയത്തിൽ അവസാനിക്കുന്നതോടെ അത് ഭാഷയിൽ കയറിപ്പറ്റുന്ന വിചിത്രമായ ദൃശ്യം!

പല കാരണങ്ങളാൽ ഏറെ വികാസം പ്രാപിച്ച ഇംഗ്ലീഷിനെ ഇക്കാലത്ത് ഏതെങ്കിലും സമൂഹത്തിന് പൂർണ്ണമായും ഒഴിച്ചു നിർത്താനാവുമോ, അതിന്റെ ആവശ്യമുണ്ടോ?

ഇല്ല. ഇംഗ്ലീഷിനെ പൂർണ്ണമായും ഒഴിച്ചുനിർത്തണമെന്നോ, നിർത്താമെന്നോ എനിക്കു വാദമില്ല. ഒരാവശ്യവുമില്ലാതെ ആ ഭാഷയെ ആശ്രയിക്കുന്നത് നിർത്തണം എന്നുമാത്രം. ഇപ്പറയുന്നത് ഇംഗ്ലീഷ് വിരോധമല്ല, ഭാഷാമൗലികവാദമല്ല. ആവശ്യമുണ്ടെങ്കിൽ ഏതുഭാഷയിലെ ഏതുപദവും ഉപയോഗിക്കാം. ആവശ്യമുണ്ടെങ്കിൽ മാത്രം. ഉദാഹരണം കാട്ടി വിശദീകരിക്കാം:

ക്യാമറ എന്ന വാക്ക് ഉപയോഗിക്കുന്നതിൽ ഒരു തെറ്റുമില്ല. നേരത്തേ നമുക്ക് പരിചയമില്ലാത്ത ഒരു ഉപകരണത്തിന്റെ പേരാണത്. പക്ഷേ, കുളിമുറിയിൽ ഒളിച്ചുവെച്ച ക്യാമറ എന്നു പറയാൻ 'ടോയ്‌ലെറ്റിലെ ക്യാമറ' എന്നെഴുതേണ്ട കാര്യമെന്താണ്?

ഈ ടോയ്‌ലറ്റ് എന്ന പദത്തിൽ നമുക്ക് നേരത്തേ നിശ്ചയമില്ലാത്ത വല്ലതും ഉണ്ടോ? ഓവറ, കുളിപ്പുര, കുളിമുറി, കുളിയറ, മൂത്രപ്പുര, കക്കൂസ് തുടങ്ങിയ വാക്കുകളിലൂടെ നാം എത്രയോ കാലമായി ആവിഷ്കരിച്ചുപോന്നതല്ലേ അത്?

'ടോയ്‌ലറ്റ്' എന്നെഴുതിയാൽ എന്താണ് കുഴപ്പം എന്നല്ലേ? ആ വാക്ക് പരിചയിച്ചിട്ടില്ലാത്തവർ കാര്യം മനസ്സിലാക്കാൻ ബുദ്ധിമുട്ടും. കാലക്രമത്തിൽ നേരത്തേ ഉപയോഗിച്ചുപോന്ന പദങ്ങൾ ഇല്ലാതെയാവും ചവിട്ടുവണ്ടി (സൈക്കിൾ), തീവണ്ടി (ട്രെയ്ൻ) തുടങ്ങിയ പദങ്ങൾ പിൻവാങ്ങുന്നപോലെ.

ചോദ്യക്കടലാസ് പുറത്തായി എന്നെഴുതാതെ 'ക്വസ്റ്റ്യൻ പേപ്പർ പുറത്തായി' എന്നെഴുതേണ്ട കാര്യമെന്താണ്? ചോദ്യക്കടലാസ് വിവാദത്തെ ചോദ്യപേപ്പർ വിവാദം എന്നു വിളിക്കേണ്ട ആവശ്യമെന്താണ്?

കൈതച്ചക്കയ്ക്ക് വിലകയറുമ്പോൾ 'പൈനാപ്പിളിന് വില കയറി' എന്ന് വാർത്ത കൊടുക്കുന്നതിന്റെ യുക്തിയെന്താണ്? മാവോവാദി എന്നു പറഞ്ഞാൽ മതിയാകുന്നിടത്ത് മാവോയിസ്റ്റ് എന്നു പറയുവാൻ നമ്മെ പ്രേരിപ്പിക്കുന്നതെന്താണ്?

ഇമ്മാതിരി പദപ്രയോഗങ്ങൾകൊണ്ട് കാര്യം മനസ്സിലാവാതെ പോകുന്നതിന്ന് ഈയിടെ കണ്ട ഉദാഹരണം: ചോദ്യക്കടലാസ് വിവാദത്തിലെ പ്രതി എന്നു സംശയിക്കുന്ന അദ്ധ്യാപകൻ ഒളിവിൽപ്പോയി. പിറ്റേന്ന് വന്ന വാർത്ത:

'പോലീസ് ലുക്ക് ഔട്ട് നോട്ടീസ് പ്രസിദ്ധീകരിച്ചു'. സംഗതി 'തിരച്ചിൽ പരസ്യം' പുറത്തിറക്കിയതാണ്. തിരച്ചിൽ എന്നതിനു പകരം ലുക്ക് ഔട്ട് എന്ന് എഴുതിയതുകൊണ്ട് എത്രയോ പേർ തലക്കെട്ടിനു താഴോട്ടു വായിച്ചിരിക്കില്ല. നമുക്കു തിരിയാത്ത എന്തോ കുന്ത്രാണ്ടമാണ് എന്നു തോന്നിയാൽ പിന്നെ, മനുഷ്യർ തുടർന്ന് വായിക്കുമോ? ഒരു പത്രവും ലുക്ക് ഔട്ട് നോട്ടീസ് ഇഷ്യൂ ചെയ്തു എന്നെഴുതിക്കണ്ടില്ല. ഭാഗ്യം!

ഇനി, സ്വന്തം നിലയ്ക്ക് ഉദാഹരണങ്ങൾ ആലോചിച്ചു നോക്കൂ:

വനപാലകൻ പോരേ, ഫോറസ്റ്റ് ഗാർഡ് വേണോ? ഇരുനിലപോരേ, ഡബ്ൾ ഡക്കർ വേണോ? പരിശീലനകേന്ദ്രം പോരേ, കോച്ചിങ് ക്യാമ്പ് വേണോ? ഏകോപനാധികാരി പോരേ, നോഡൽ ഓഫീസർ വേണോ?

ഈയടുത്ത കാലത്ത് ഒരു പത്രത്തിൽ വന്ന തലക്കെട്ടുകളിതാ:

1. യു. എസ്. വാക്ക് മാറ്റുന്നു. (അമേരിക്ക എന്നായാൽ എളുപ്പം തിരിയും)
2. റേഷൻ ഡീലേഴ്സ് ധർണ്ണ നടത്തി. (പീടികക്കാർ/കടക്കാർ എന്നുമതി)
3. ഡ്രസ്സിങ് റൂമുകൾ നിരീക്ഷണവിധേയമാക്കണം. (വസ്ത്രം മാറുന്ന മുറികൾ)
4. സെക്രട്ടറിമാർ അലോട്ട്മെന്റ് കൈപ്പറ്റണം. (ഓഹരി)
5. ടൈലേഴ്സ് അസോസിയേഷന് പുതിയ ഭാരവാഹികൾ. (തുന്നൽക്കാരുടെ സംഘടനയ്ക്ക്)

കഴിഞ്ഞ മാസം ഒരു മലയാളദിനപത്രത്തിൽ കണ്ട വാക്യം: 'മികച്ച കരിയർ ഗൈഡൻസ്, കൗൺസിലിങ് പ്രവർത്തനങ്ങൾ നടത്തിയ പതിനാലു് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളെ അവാർഡിനു തെരഞ്ഞെടുത്തതായി ഡയറക്ടർ അറിയിച്ചു'. ഇതിൽ പ്രവർത്തനങ്ങൾ എന്നിടത്ത് ആക്റ്റിവിറ്റീസ് എന്നും തെരഞ്ഞെടുത്തു എന്നിടത്ത് സെലക്ട് ചെയ്തു എന്നും അറിയിച്ചു എന്നിടത്ത് ഡിക്ലയർ ചെയ്തു എന്നും ആയിരുന്നെങ്കിൽ ഒന്നുകൂടി ജോറായേനെ!

സത്യം, ഇനി വരുന്ന വാക്യവും അതേ ദിനപത്രത്തിൽനിന്ന് പകർത്തിയതാണ്: 'സീനിയർ അദ്ധ്യാപകരെ മാത്രം ഉൾപ്പെടുത്തി ഇവാല്യുവേഷൻ സ്കീം ഫൈനലൈസേഷൻ നടത്തിയിരുന്ന സ്ഥാനത്ത് ജൂനിയർ അദ്ധ്യാപകരെ കുത്തിനിറച്ചതിന് അധികൃതരുടെ ഭാഗത്തുനിന്ന് വിശദീകരണമില്ല.'

വല്ലതും മനസ്സിലാകണമെങ്കിൽ രണ്ടുമൂന്നു വട്ടം വായിക്കണം, ഒന്നാലോചിക്കണം. ആർക്കും അറിയാവുന്നപോലെ, മാദ്ധ്യമങ്ങളിലെ ഭാഷ ഒറ്റവായനയിൽ പിടികിട്ടുന്ന മട്ടിൽ ലളിതമാകണം.

ആ ലാളിത്യത്തെ ഇന്ന് പ്രധാനമായും കടന്നാക്രമിക്കുന്നത് ഇംഗ്ലീഷാണ്. അതിനു പ്രേരകമാവുന്ന ആംഗലഭക്തി പുറപ്പെട്ടുവരുന്നത് നമ്മുടെ മാനസികമായ അടിമത്തത്തിൽനിന്നാണ് എന്ന് എത്ര പേർ ഓർക്കുന്നു!

(പത്രപ്പുസ്തകം മാദ്ധ്യമം ജർണലിസ്റ്റ് യൂണിയൻ പ്രസിദ്ധീകരണം: മെയ് 2011)

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.